## സിമ്പോസിയം

# പരിഗണിക്കപ്പെടേണ്ട വശങ്ങൾ

പ്രഫ. ഓമാനൂർ മുഹമ്മദ് (പ്രിൻസിപ്പൽ എം.എ.എം.ഒ. കോളേജ്, മുക്കം)

കമ്യൂണിസ്റ്റുകളും മതവിരോധികളും മുസ്‌ലിം വിരുദ്ധശക്തികളും ഇന്ന് ഏറെ ഒച്ചപ്പാടുണ്ടാക്കുന്ന ഒരു പ്രശ്നമാണ് ശരീഅത്ത് ഭേദഗതി. എല്ലാ മതങ്ങൾക്കും പരിരക്ഷണം നൽകുന്നതും വളരാനും വികസിക്കാനും അവസരം വാഗ്ദാനം ചെയ്യുന്നതുമായ ഇന്ത്യൻ ഭരണഘടനയുടെ മതനിരപേക്ഷ സ്വഭാവത്തിന്റെ അർഥം മനസ്സിലാക്കാത്തവരും മതത്തെ മയക്കുമരുന്നായും സാമൂഹിക ജീവിതത്തിൽനിന്ന് മാറ്റി നിർത്തപ്പെടേണ്ട ദുരാചാരമായും കരുതുന്നവരുമായ ആളുകൾ ഇന്ത്യയിൽ എല്ലാ ജനവിഭാഗങ്ങളെയും ഒരേ വ്യക്തിനിയമത്തിൻകീഴിൽ കൊണ്ടുവരണമെന്ന് വാദിക്കാൻ തുടങ്ങിയിട്ട് ഏറെ നാളുകളായി. മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം ഈ വാദത്തിന്റെ സാക്ഷാത്കാരം അവരുടെ മതപരമായ ആസ്തികൃത്തെത്തന്നെ ചോദ്യം ചെയ്യുന്ന വിപത്താണെന്ന് ഇസ്‌ലാം എന്താണെന്ന് അറിയുന്നവർക്കൊക്കെ അറിയാം.

മനുഷ്യജീവിതത്തിന് ഖുർആൻ നൽകുന്ന നിയാമക നിർദേശങ്ങളാണ് ശരീഅത്ത്. ആരാധനാ കർമങ്ങൾ, വൈവാഹിക ജീവിതമുറകൾ, സിവിൽ-ക്രിമിനൽ നടപടി വ്യവസ്ഥകൾ, അനന്തരാവകാശ നിയമങ്ങൾ തുടങ്ങി ജീവിതത്തെ ബാധിക്കുന്ന എല്ലാ മേഖലകളിലും ഇസ്‌ലാമിക ശരീഅത്ത് വ്യാപകമാണ്. എന്നാൽ ഇന്ത്യയിൽ ഇസ്‌ലാമിക ശരീഅത്ത് പൂർണമായും നിലവിലില്ല. മുഹമ്മദൻ ലോ എന്ന പേരിലറിയപ്പെടുന്ന മുസ്‌ലിം വ്യക്തിനിയമം ശരീഅത്തിന്റെ ഏതാനും ചെറിയ ഒരംശത്തെ മാത്രമേ പ്രതിനിധീകരിക്കുന്നുള്ളൂ. 1937-ലെ ശരീഅത്ത് ആക്ട്, 1939-ലെ മുസ്‌ലിം വിവാഹമോചന ആക്ട്, 1954-ലെ വഖ്ഫ് ആക്ട് എന്നീ മൂന്ന് ആക്ടുകളിൽ അധിഷ്ഠിതമാണ് ഇന്ത്യൻ മുസ്‌ലിം വ്യക്തിനിയമം എന്നു പറയാം. ബ്രിട്ടീഷുകാരാണ് ഇന്ത്യൻ ശരീഅത്ത് ആക്ടിന്റെ നിർമാതാക്കൾ. ശൈഖ് ബുർഹാനുദ്ദീൻ എഴുതിയ "അൽഹിദായത്തു ഫിൽ ഫുറൂഅ്" എന്ന ഹനഫീ ഗ്രന്ഥവും ഔറംഗസീബ് ചക്രവർത്തിയുടെ 'ഫതാവാ ആലംഗീരി'യും അവലംബമാക്കിയാണ് 'ഇന്ത്യൻ ശരീഅത്തി'ലെ സുന്നി നിയമങ്ങൾ ക്രോഡീകരിക്കപ്പെട്ടിട്ടുള്ളത്. ഈ ഗ്രന്ഥങ്ങൾ തന്നെ അവയുടെ ഒറിജിനൽ ടെക്സ്റ്റുകളെ നേരിട്ടവലംബമാക്കിയല്ല ക്രോഡീകരിക്കപ്പെട്ടിട്ടുള്ളത്. ചാൾസ് ഹാമിൽട്ടനും, ബെയിലിയും പ്രസ്തുത ഗ്രന്ഥങ്ങൾക്ക് എഴുതിയ വിവർത്തനങ്ങളാണ് വ്യക്തിനിയമങ്ങൾ ആവിഷ്കരിക്കുന്നതിന് ബ്രിട്ടീഷുകാർക്ക് പ്രചോദനമായി വർത്തിച്ചിട്ടുള്ളത്. നജ്മുദ്ദീൻ ഹില്ലി എഴുതിയ 'ശറാഇഉൽ ഇസ്‌ലാ'മാണ് ശീഈ നിയമങ്ങൾക്കാധാരം. ശിആക്കളെയും സുന്നികളെയും ബാധിക്കുന്ന വ്യത്യസ്ത പ്രശ്നങ്ങളിൽ അവരവർ സ്വീകരിച്ചുവരുന്ന മദ്ഹബുകളനുസരിച്ചു തന്നെയാണ് വിധികൾ പ്രഖ്യാപിക്കപ്പെടാറുള്ളത്.

മുസ്‌ലിംകൾ പൊതുവെ ഇസ്‌ലാമിക ശരീഅത്തിൽ ഒരു മാറ്റവും പാടില്ലെന്ന് ആഗ്രഹിക്കുന്നവരും വാദിക്കുന്നവരുമാണ്. ഇതിന് കാരണം ശരീഅത്ത്, സ്രഷ്ടാവായ അല്ലാഹുവിന്റെ നിയമങ്ങളാണെന്നും മനുഷ്യനെ നിയന്ത്രിക്കാൻ മനുഷ്യൻ നിർമിച്ചെടുക്കുന്ന നിയമങ്ങളെക്കാൾ എത്രയും ഉന്നതവും പവിത്രവും കുറ്റമറ്റതും ശാശ്വതവുമാണ് ദൈവിക നിയമങ്ങളെന്നും അവക്ക് പകരം നിൽക്കാൻ മനുഷ്യനിർമിത നിയമങ്ങൾ പര്യാപ്തമല്ലെന്നും മുസ്‌ലിംകൾ ദൃഢമായി വിശ്വസിക്കുന്നുവെന്നതാണ്. മുഹമ്മദ് നബിക്ക് മുമ്പുവന്ന പ്രവാചകന്മാരിൽ പലരും വ്യത്യസ്ത ശരീഅത്തുകൾ കൊണ്ടുവന്നിട്ടുണ്ട്. കാലോചിതമായ പരിഷ്കരണം ശരീഅത്തിൽ ഈ പ്രവാചകന്മാരിലൂടെ അല്ലാഹു നടത്തിയിട്ടുണ്ട്. എന്നാൽ മുഹമ്മദീയ ശരീഅത്ത് അന്തിമവും മാറ്റങ്ങൾക്ക് വിധേയമല്ലാത്തതുമാണ്. മുഹമ്മദ് നബിക്ക് ശേഷം ഒരു പുതിയ ശരീഅത്തിന്റെ സംസ്ഥാപനത്തിനോ, മുഹമ്മദീയ ശരീഅത്തിന്റെ പുനരുത്ഥാനത്തിനോ മറ്റൊരു പ്രവാചകനും അവതരിക്കുകയില്ലെന്നും മുസ്‌ലിംകൾ വിശ്വസിക്കുന്നു. അതുകൊണ്ട് ഇസ്‌ലാമിക ശരീഅത്തിൽ മാറ്റങ്ങൾ വേണം എന്ന വാദത്തെ 'വിശ്വാസികളായ മുസ്‌ലിംകളാ'രും അംഗീകരിക്കുകയില്ല.

ഇത്രയും പറഞ്ഞത് ഖുർആനിലും ഹദീസിലും നിസ്സംശയം വ്യക്തമാക്കപ്പെട്ട ഖണ്ഡിത നിയമങ്ങളെക്കുറിച്ചാണ്. എല്ലാ കാലത്തേക്കും ബാധകമായ എല്ലാ നിയമങ്ങളും ഖുർആനിലും സുന്നത്തിലും വിവരിച്ചിട്ടുണ്ടെന്ന് ഇപ്പറഞ്ഞതിനർഥമില്ല. സമൂഹത്തിന്റെ വളർച്ചക്കനുസരിച്ച് പല പുതിയ പ്രശ്നങ്ങളും തലപൊക്കുന്നത് സ്വാഭാവികമാണ്. അത്തരം പ്രശ്നങ്ങളെ നേരിടുന്നതിന് വേണ്ട ഉപനിയമങ്ങൾ ഖുർആന്റെയും സുന്നത്തിന്റെയും വെളിച്ചത്തിൽ ഉണ്ടാക്കാൻ നിയമനിർമാണ സഭക്ക് ഇസ്‌ലാം അധികാരം നൽകുന്നുണ്ട്. ഇത്തരം നിയമങ്ങൾ എക്കാലത്തേക്കും ബാധകവുമല്ല. കാലോചിതമായ പരിഷ്കരണം വരുത്താൻ ഇസ്‌ലാം അനുവാദം നൽകുന്നു. "കാര്യങ്ങളിൽ അവരോട് കൂടിയാലോചിക്കുക" എന്ന ഖുർആന്റെ നിർദേശം ഈ തത്ത്വമാണ് അനാവരണം ചെയ്യുന്നത്. ഇങ്ങനെ പണ്ഡിതന്മാരും ഭരണകർത്താക്കളും ചർച്ചചെയ്ത് ഖുർആന്റെയും സുന്നത്തിന്റെയും വെളിച്ചത്തിൽ ഇജ്തിഹാദിയായ (ഗവേഷണപരമായ) പല ഉപനിയമങ്ങളും ആവിഷ്കരിച്ചിട്ടുണ്ട്. നമ്മുടെ ഫിഖ്ഹ് ഗ്രന്ഥങ്ങൾ അവയെ രേഖപ്പെടുത്തിയിട്ടുമുണ്ട്.

ഒരിക്കലും മാറ്റം പാടില്ലെന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്നതും വാദിക്കുന്നതും ഖുർആനിലും ഹദീസിലും വന്ന മൗലിക നിയമങ്ങളെക്കുറിച്ചാണ്. ഇന്ത്യയിൽ നിലവിലുള്ള വ്യക്തിനിയമം വിവാഹം, വിവാഹമോചനം, പിന്തുടർച്ചാവ

കാശം തുടങ്ങിയ ഏതാനും വകുപ്പുകളിൽ പരിമിതമാണെന്ന് പറഞ്ഞുവല്ലോ. ഇന്ത്യൻ ക്രിമിനൽ നിയമങ്ങൾ പഴയ ആംഗ്ലോ –സാക്സൻ നിയമങ്ങളുടെ വെളിച്ചത്തിൽ ആവിഷ്കരിക്കപ്പെട്ടവയാണ്. മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം ക്രിമിനൽ നിയമങ്ങൾ കൂടി ഇസ്‌ലാമികമായിരിക്കണമെന്നാണ് അവർ ആഗ്രഹിക്കുന്നത്. എന്നാൽ കളവ് തൊഴിലാക്കിയവന്റെ കൈ മുറിക്കുക, വ്യഭിചാരിയെയും, മദ്യപാനിയെയും ഹദ്ദടിക്കുക തുടങ്ങിയ ഇസ്‌ലാമിക നിയമങ്ങൾ ഇവിടെ നടപ്പാക്കിയില്ലെങ്കിലും മുസ്‌ലിംകളുടെ സാംസ്കാരികമായ നിലനിൽപിനെ അത് പ്രതികൂലമായി ബാധിക്കുകയില്ല. എന്നാൽ നിലവിലുള്ള വ്യക്തിനിയമം മാറ്റി ഇസ്‌ലാമിക വിരുദ്ധമായ ഒരു ഏക സിവിൽകോഡ് കൊണ്ടുവന്ന് അത് അനുസരിക്കപ്പെടാൻ മുസ്‌ലിംകൾ കൂടി നിർബന്ധിക്കപ്പെട്ടാൽ അത് മുസ്‌ലിം വ്യക്തിത്വത്തെ നിശ്ചേതനമാക്കുമെന്നതിൽ സന്ദേഹമില്ല. അതുകൊണ്ട് വ്യക്തിനിയമത്തിൽ മാറ്റം വരുത്താനുള്ള ഏത് സംരംഭവും ഇസ്‌ലാമിനെതിരായുള്ള കടന്നാക്രമണമായി മുസ്‌ലിംകൾ കണക്കിലെടുക്കുകയും സർവ ശക്തിയുമുപയോഗിച്ച് അതിനെ നേരിടുകയും ചെയ്യുന്നതാണ്.

എന്നാൽ ബ്രിട്ടീഷ് സ്വാധീനത്തിലൂടെ ആവിഷ്കരിക്കപ്പെട്ട ഇന്ത്യൻ മുസ്‌ലിം പേഴ്സനൽ ലോ പൂർണമായും ശരിയായ, ഇസ്‌ലാമിക ശരീഅത്തിന്റെ ദർപ്പണമാണെന്ന് പറഞ്ഞുകൂടാ; ഉദാഹരണത്തിന് ഇസ്‌ലാം ഇഷ്ടംപോലെ നാലു ഭാര്യമാരെ വിവാഹം ചെയ്യാനോ യഥേഷ്ടം വിവാഹമോചനം നടത്താനോ അനുവദിക്കുന്നില്ല. എന്നാൽ ഇന്ത്യൻ ശരീഅത്ത് ആക്ടിൽ ഇതിനൊക്കെ പഴുതുള്ളതായിട്ടാണ് കാണുന്നത്. ആരോഗ്യപരവും സാമ്പത്തികവും സാമൂഹികവും നൈതികവുമായ ഒട്ടേറെ പ്രശ്നങ്ങളെ വിലയിരുത്തിയതിന് ശേഷം മാത്രമേ ഇസ്‌ലാം ഒരു പുരുഷനെ രണ്ടാം വിവാഹത്തിന് അനുവദിക്കുന്നുള്ളൂ. അതുപോലെത്തന്നെ ഭാര്യാഭർത്തൃബന്ധം ഒരുനിലക്കും സുഗമമായി മുന്നോട്ടുപോവുകയില്ലെന്ന് ഉത്തമബോധ്യം വന്നാൽ മാത്രമേ ഇസ്‌ലാം വിവാഹമോചനം അനുവദിക്കുന്നുള്ളൂ. കർക്കശമായ ഇത്തരം നിബന്ധനകൾ അതിന്റെ ശരിയായ അർഥത്തിൽ പാലിക്കപ്പെടാൻ ഉതകുന്ന രീതിയിലല്ല നിലവിലുള്ള ഇന്ത്യൻ വ്യക്തിനിയമങ്ങളുടെ കിടപ്പ്. അതിലേറെ അനിസ്‌ലാമികമായാണ് ചില മുസ്‌ലിംകൾ ഇസ്‌ലാം നൽകിയ ഈ ആനുകൂല്യങ്ങളെ ചൂഷണം ചെയ്യുന്നത്. ഇതെല്ലാം കണ്ട് ചിലർ ഇസ്‌ലാമിക നിയമങ്ങളെത്തന്നെ അപരിഷ്കൃതങ്ങളായി മുദ്രയടിക്കാനാണ് ധൃതിപ്പെടുന്നത്. വിവാഹം, അനന്തരാവകാശം എന്നീ വിഷയങ്ങളിൽ ഖുർആൻ പ്രഖ്യാപിച്ചിട്ടുള്ള നിയമങ്ങളോളം പരിഷ്കൃതവും പ്രായോഗികവും, പ്രയോജനകരവുമായ മറ്റൊരു നിയമവും ലോകത്തില്ലെന്ന വസ്തുത പ്രസ്തുത നിയമങ്ങളുടെ വിവിധ വശങ്ങൾ ശാസ്ത്രീയമായി വിലയിരുത്തിയിട്ടുള്ള ഏതൊരു നിയമജ്ഞനും സമ്മതിക്കുമെന്നതിൽ സംശയത്തിനിടമില്ല. ഒരിക്കൽ നടന്ന വിവാഹം ഒരു കാരണവശാലും വിഛേദിക്കാൻ പാടില്ലെന്നും, ഒരാൾ ഏത് സാഹചര്യത്തിലും ഒരു വിവാഹം മാത്രമേ കഴിക്കാൻ പാടുള്ളൂവെന്നും പറയുന്നത്, ബന്ധത്തിന്റെ പേരിൽ മനുഷ്യനെ ബന്ധനസ്ഥനാക്കുന്നതിന് തുല്യമാണെന്ന് മനസ്സിലാക്കാൻ ഒട്ടും പ്രയാസമില്ല. ഇത്തരം അപാകതകളിൽനിന്നെല്ലാം വിമുക്തമായ നിയമസംഹിതയാണ് ഇസ്‌ലാം. ഇസ്‌ലാമിന്റെ വ്യക്തിനിയമങ്ങൾ ഓരോന്നായെടുത്ത് വിലയിരുത്തപ്പെടുകയാണെങ്കിൽ എല്ലാ വിഭാഗം ജനങ്ങൾക്കും ബാധകമാക്കാവുന്ന ഒരു ഏക സിവിൽകോഡായി ഇസ്‌ലാമിക വ്യക്തിനിയമങ്ങൾ സ്വീകരിക്കപ്പെടുന്നത് ഏറെ ഗുണകരമായിരിക്കും എന്ന് കാണാവുന്നതാണ്. എന്നാൽ ഏറ്റവും പരിഷ്കൃതമായ ഒരു നിയമ സംഹിത എന്ന നിലക്കല്ല കേവലം ഒരു 'മതം' എന്ന നിലക്കുതന്നെയാണ് പലരും ഇസ്‌ലാമിനെ കാണുന്നത്. അതിനാൽ ഇസ്‌ലാമിക നിയമങ്ങളുടെ മേന്മയും മറ്റു നിയമങ്ങളേക്കാൾ അവക്കുള്ള പ്രായോഗിക ഗുണങ്ങളും മറ്റു സമുദായങ്ങൾ കൂടി മനസ്സിലാക്കി അംഗീകരിക്കാത്തിടത്തോളം കാലം ഇസ്‌ലാമിക നിയമങ്ങൾ മറ്റുള്ളവരുടെ മേൽ അടിച്ചേൽപിക്കണമെന്ന് പറയുന്നത് ഒട്ടും ശരിയല്ല. അതുപോലെത്തന്നെ മുസ്‌ലിംകൾ അംഗീകരിക്കാത്ത ഇതര നിയമങ്ങൾ വൈയക്തിക ജീവിതത്തിൽ അവരുടെ മേൽ ചുമത്തുന്നതും സ്വീകാര്യമല്ല. അതിനാൽ ഏക സിവിൽകോഡ് വാദം തള്ളപ്പെടേണ്ടതും, മുസ്‌ലിംകൾ പവിത്രമായി കരുതുന്ന ഇസ്‌ലാമിക ശരീഅത്തനുസരിച്ചു അവരുടെ വ്യക്തി ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ അവരെ അനുവദിക്കേണ്ടതും മതേതരത്വത്തിൽ വിശ്വസിക്കുന്ന ഭാരതത്തിന്റെ കർത്തവ്യമാണ്.

ഇന്ത്യൻ ശരീഅത്ത് ആക്ടിൽ ഇസ്‌ലാമിന്റെ യഥാർഥ സ്പിരിറ്റ് ഉൾക്കൊള്ളുന്ന പരിഷ്കരണങ്ങൾ അനിവാര്യമാണ്. പക്ഷേ അത് മുസ്‌ലിം പണ്ഡിതന്മാരുടെ കൗൺസിലെടുക്കുന്ന തീരുമാനത്തിന്റെ വെളിച്ചത്തിൽ മാത്രമേ പാടുള്ളൂ. പണ്ഡിതന്മാരുടെ കൗൺസിലിന്റെ തീരുമാനമനുസരിച്ച് വ്യക്തിനിയമത്തിന്റെ ദുരുപയോഗങ്ങൾ തടയാൻ ആവശ്യമായ നിയമനിർമാണം സർക്കാർ നടത്തേണ്ടതാണ്. സാധിക്കുമെങ്കിൽ മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം ക്രിമിനൽ നിയമങ്ങൾ അവരുടെ മേൽ നടപ്പാക്കപ്പെടുന്നത് ശരീഅത്തിനനുസൃതമായിട്ടാകുന്നത് ഏറെ അഭിലഷണീയമാണ്. കാരണം അല്ലാഹുവിന്റെ നിയമങ്ങളുടെ സ്ഥാനത്ത് മനുഷ്യനിർമിത നിയമങ്ങൾ ഇഷ്ടപ്പെടുന്നവനല്ല മുസ്‌ലിം. പക്ഷേ, ഇന്നത്തെ സാഹചര്യത്തിൽ ഇതൊരു വ്യാമോഹം മാത്രമായിരിക്കും. കാരണം നിലവിലുള്ള ആനുകൂല്യം പോലും വലിയ ഔദാര്യമായിട്ടു കാണുന്നവരാണ് പലരും. ആ ആനുകൂല്യം കൂടി എടുത്തുകളയാൻ തഞ്ചം പാർത്തിരിക്കുന്നവരാണധികവും. അവർക്ക് ചുവടൊപ്പിച്ചു തുള്ളാൻ അവിശ്വാസികളായ 'മുസ്‌ലിം'കളുമുണ്ടെന്നുള്ളത് അനിഷേധ്യമായ ഒരു യാഥാർഥ്യം മാത്രമാണ്. ■